ISSN:2582-550X

## Editor's Note

# Women's Associations in Kerala and the Hema Committee Report

**Prof (Dr.) Shamshad Hussain K.T**

The Women's Collective in Cinema (WCC) officially announced its launch in 2017. Regarding the history of women's organization in Kerala, it can be said that it is a very late group. In 1995, when the Kerala Women's Forum was formed, it had the representation of 28 women's organizations from various regions of Kerala. Even after that there have been various organizational formations and struggles in Kerala. In 1997, an organization called 'Nisa' was formed for Muslim women. An organization called 'Kerala Sex Workers Forum' was also formed in 2000. These organizations are formed both in association with and in opposition to existing women's organizations. Often this has created healthy ideological conflicts in many areas. It has also led to the upsurge of women's organizations.

'Sahayatrika' was started as a 10-month project during 2001-2002. From 2003-2007, it continued operations without any funding. In 2006, an organization called 'Jwala'/'Vatil' was formed specifically for sexual minorities. At that time, as Internet use became universal, email groups were also formed. One of them is 'Kerala Feminist Network' which was formed in 2007. Dalit Women's Forum was also formed in 2006 under the name 'Panjami'. It functioned mainly as a reading group.

There have been a number of campaigns and interesting defenses against violence on women over the years. In 2008, the Pink Jetty Campaign protested by sending underwear to individuals who

made statements against women. For this purpose, there was a special person in charge of sewing underwear. We don't just send the jetties that are sewn as we place the order. They had clearly presented the discomfort of the people who had sent it to the media.

Organizations and different forms of struggle are being formed for women working in various fields. 'Penkoot' was a movement for textile workers and AMTU was formed for unorganized sector workers in 2016. In this, women workers and their field were mainly discussed. 'Abhinetri' is the women's group in the field of theater and many other organizations like DHRM, SEWA have played a major role in creating social awareness.

The activities of the organizations in this field led to the change of preconceptions about sexual groups and the correction of the social perspective on heterosexuality that was strong in the society. The continuous activities and views of the organizations in the social media have contributed to the legal changes in favor of sexual minorities to a large extent. Many organizations were formed in relation to a particular field of work or profession. These organizations have been able to intervene strongly to improve the working conditions of women.

It should also be seen in continuation of this that the WCC was formed in 2017. This concerted action also managed to bring the attack on an actress to justice. The role of this association cannot be understated as ICC has activated its work to prevent violence against women on every movie set. Following the formation of the organization, they met the Chief Minister directly and demanded an investigation. Justice Hema Committee is formed under the leadership of Justice Hema. The report was submitted in 2019 but was made available to the public only this year. The report also mentions the obstacles faced by the committee during its sitting and taking evidence. Although certain parts have been omitted for privacy reasons, the results of the currently available report are enormous. The discriminatory nature of wage system in Cine field is one of the main observations. The report of the Committee mentions the nature of work on the set without even facilities to change clothes or perform basic tasks and various power relations that work in the Cine sector. The report

has references and suggestions on the need for women to enter the technical field of film and gender justice in film content. There were controversies and discussions only about the sexual exploitation in it. However, this was followed by references to the power group within it and many other revelations that were not included. Although legal action cannot be taken based on the report, there have been many revelations leading to legal action. It can also be seen that legal proceedings have been initiated. Moreover, it also activated the duties of Women and Child welfare Department under the Government of Kerala. Efforts to activate ICC activities in all employment sectors and employment establishments and to ensure that ICC is formed where it does not exist are currently being carried out by each district through ICDS and CDPO. Although a report in the film industry has led to caution in all fields of work for women it can be seen that this has paved the way for changing the understanding and definitions of sexual assaults in Kerala. This is a win for the organization. It also gives us the confidence that organized action in any field can bring about change. So along with WCC, this becomes an achievement that all the organizations in Kerala can be proud of.

**Editor**

Shamshad Hussain K.T

ORCID: 0000-0002-2757-3576

## Editor's Note

# കേരളത്തിലെ സ്ത്രീകൂട്ടായ്മകളും ഹേമാ കമ്മിറ്റി റിപോർട്ടും

ഡോ. ഷംഷാദ് ഹുസൈൻ കെ.ടി

2017-ലാണ് women's collective in cinema (WCC) എന്ന സംഘടന ഔദ്യോഗികമായി അതിന്റെ ലോഞ്ചിംഗ് പ്രഖ്യാപിക്കുന്നത്. കേരളത്തിലെ സ്ത്രീ സംഘടനാ ചരിത്രത്തെ സംബന്ധിച്ച് അത് വളരെ വൈകി ഉണ്ടായ ഒരു കൂട്ടായ്മയാണെന്ന് പറയാം. 1995 ൽ 'കേരള സ്ത്രീ വേദി' രൂപീകരിക്കുമ്പോൾ അതിൽ കേരളത്തിലെ വിവിധ മേഖലകളിൽ നിന്നുള്ള 28 സ്ത്രീ സംഘടനകളുടെ പ്രാതിനിധ്യം ഉണ്ടായിരുന്നു. അതിനു ശേഷവും പലതരത്തിലുള്ള സംഘടനാ രൂപീകരണങ്ങളും പോരാട്ടങ്ങളും കേരളത്തിൽ ഉണ്ടായിട്ടുണ്ട്. 1997ൽ മുസ്ലിം സ്ത്രീകൾക്ക് വേണ്ടി 'നിസ' എന്ന സംഘടന രൂപം കൊള്ളുന്നു. 2000 ത്തിൽ 'കേരള സെക്സ് വർക്കേഴ്സ് ഫോറം' എന്ന സംഘടനയും രൂപം കൊള്ളുന്നുണ്ട്. നിലവിലെ സ്ത്രീ സംഘടനകളോട് ചേർന്നും വിയോജിച്ചുമെല്ലാമാണ് ഈ സംഘടനകൾ രൂപംകൊള്ളുന്നത്. പലപ്പോഴും ഇത് ആരോഗ്യകരമായ ആശയ സംഘർഷങ്ങൾ പലമേഖലകളിലും ഉണ്ടാക്കിയിട്ടുണ്ട്. അത് സ്ത്രീസംഘടനകളെ പുതുക്കാനും ഇടയാക്കിയിട്ടുണ്ട്.

2001-2002 കാലയളവിൽ 10 മാസത്തെ പ്രോജക്ട് ആയി ആരംഭിച്ചതാണ് 'സഹയാത്രിക'. 2003-2007 വരെ ഫണ്ടൊന്നും ഇല്ലാതെ അത് പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടു പോയി. 2006-ൽ 'ജ്വാല'/'വാതിൽ' എന്ന സംഘടന ലൈംഗിക ന്യൂനപക്ഷങ്ങൾക്ക് വേണ്ടി സവിശേഷമായി രൂപംകൊണ്ടവയായിരുന്നു. അക്കാലയളവിൽ ഇന്റർനെറ്റ് ഉപയോഗം സർവ്വസാർവത്രികമായതോടുകൂടി ഇമെയിൽ ഗ്രൂപ്പുകളും രൂപപ്പെട്ടുവന്നു. അതിലൊന്നാണ് 2007ൽ ഉടലെടുത്ത 'കേരള ഫെമിനിസ്റ്റ് നെറ്റ്‌വർക്ക്'. 2006-ൽ തന്നെ 'പഞ്ച

മി' എന്ന പേരിൽ ദളിത് വിമൻസ് ഫോറവും രൂപപ്പെട്ടു. ഇത് പ്രധാനമായും ഒരു റീഡിങ് ഗ്രൂപ്പ് എന്നനിലക്കാണ് പ്രവർത്തിച്ചത്.

കുറെയധികം കാമ്പയിനുകളും രസകരമായ പ്രതിരോധങ്ങളും സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങളെ പ്രതിരോധിക്കുന്നതിനായി എക്കാലയളവിൽ ഉണ്ടായിട്ടുണ്ട്. 2008-ലുണ്ടായ Pink Jetty Campaign സ്ത്രീകൾക്കെതിരെ പ്രസ്താവനകൾ നടത്തിയ വ്യക്തികൾക്ക് അടിവസ്ത്രങ്ങൾ അയച്ചു കൊടുത്തുകൊണ്ടാണ് പ്രതിഷേധിച്ചത്. ഇതിനുവേണ്ടി അടിവസ്ത്രങ്ങൾ തയ്ച്ചു കൊടുക്കുന്നതിനും പ്രത്യേക ചുമതലയുള്ള വ്യക്തി ഉണ്ടായിരുന്നു. നമ്മൾ ഓർഡർ കൊടുക്കുന്നതിനനുസരിച്ച് തയ്ച്ചുതരുന്ന ജെട്ടികൾ അയച്ചു കൊടുക്കുകയെവേണ്ടൂ. ഇത് അയച്ചുകിട്ടിയ ആളുകൾക്കുണ്ടായ അസ്വസ്ഥത അവർ പ്രകടമായിത്തന്നെ മാധ്യമങ്ങളിർ അവതരിപ്പിക്കുകയും ചെയ്തിരുന്നു.

വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് വേണ്ടിയും സംഘടനകളും വ്യത്യസ്ത സമരരീതികളും രൂപപ്പെടുന്നുണ്ട്. ടെക്സ്റ്റൈൽ തൊഴിലാളികൾക്കുവേണ്ടി 'പെൺകുട്ട്' എന്ന പ്രസ്ഥാനും 2016-ൽ അസംഘടിതമേഖലയിലെ തൊഴിലാളികൾക്ക് വേണ്ടി AMTU എന്ന സംഘടനയും രൂപം കൊണ്ടു. ഇതിലും സ്ത്രീ തൊഴിലാളികളും അവരുടെ മേഖലയുമാണ് പ്രധാനമായും ചർച്ചയായത്. നാടകരംഗത്തെ പെൺ കൂട്ടായ്മയാണ് അഭിനേത്രി കൂടാതെ DHRM, SEWA തുടങ്ങി അനേകം സംഘടനകൾ സാമൂഹിക അവബോധം രൂപപ്പെടുത്തുന്നതിൽ വലിയ പങ്കു വഹിച്ചതായി കാണാം.

ലൈംഗിക വിഭാഗങ്ങളെ കുറിച്ചുള്ള മുൻധാരണകൾ മാറ്റിയെടുക്കുന്നതിനും സമൂഹത്തിൽ ശക്തമായുറച്ചിരുന്ന ഭിന്നലൈംഗികതയിലൂന്നിയുള്ള സാമൂഹിക കാഴ്ചപ്പാടിനെ തിരുത്തുന്നതിനും ഇടയാക്കിയത് ഈ മേഖലയിലെ സംഘടനകളുടെ പ്രവർത്തനങ്ങളാണ്. ലൈംഗിക ന്യൂനപക്ഷങ്ങൾക്ക് അനുകൂലമായ നിയമമാറ്റങ്ങൾക്കും സംഘടനകളുടെ സാമൂഹ്യ മധ്യത്തിലുള്ള തുടർച്ചയായ പ്രവർത്തനങ്ങളും കാഴ്ചപ്പെടലുകളും വലിയ അളവിൽ പങ്കുവഹിച്ചിട്ടുണ്ട്. പല സംഘടനകളും സവിശേഷമായ തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടോ പ്രഫഷനുമായി ബന്ധപ്പെട്ടോ ആയിരുന്നു രൂപംകൊണ്ടത്. സ്ത്രീകളുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി ശക്തമായ രീതിയിൽ ഇടപെടാൻ ഈ സംഘടനകൾക്ക് കഴിഞ്ഞിട്ടുമുണ്ട്.

ഇതിന്റെ തുടർച്ചയിലാണ് 2017-ലെ WCC യുടെ രൂപീകര

രണത്തെയും കാണേണ്ടത്. ഒരു നടിക്കെതിരെയുള്ള ആക്രമണ ത്തെ നിയമ വഴിയിലേക്ക് എത്തിക്കുന്നതിനും ഈ ഒത്തുചേർന്നു ള്ള പ്രവർത്തനത്തിന് കഴിഞ്ഞു. ഓരോ സിനിമ സെറ്റിലും സ്ത്രീ കൾക്കെതിരായ അതിക്രമം തടയുന്നതിനു വേണ്ടി ICC പ്രവർത്തി ക്കുന്നത് സജീവമാക്കിയതിലും ഈ കൂട്ടായ്മയുടെ പങ്ക് കുറച്ചു കാണാനാവില്ല. സംഘടന രൂപീകരണത്തെ തുടർന്ന് ഇവർ മുഖ്യ മന്ത്രിയെ നേരിട്ട്കണ്ട് അന്വേഷണം ആവശ്യപ്പെട്ടതിനെ തുടർന്നാ ണ് കേരള ഹൈക്കോടതി ജഡ്ജിയായി വിരമിച്ച ജസ്റ്റിസ് കെ. ഹേ മയുടെ നേതൃത്വത്തിൽ 'ജസ്റ്റിസ് ഹേമ കമ്മിറ്റി' രൂപംകൊള്ളുന്ന ത്. 2019-ൽ റിപ്പോർട്ട് സമർപ്പിച്ചുവെങ്കിലും ഈ വർഷം മാത്രമാണ് അത് പൊതുജനങ്ങൾക്ക് ലഭ്യമായത്. അതിന്റെ സിറ്റിംങ്ങിലും തെ ളിവെടുപ്പിലൂമെല്ലാം കമ്മിറ്റി അനുഭവിച്ച പ്രതിബന്ധങ്ങളടക്കം റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. വ്യക്തികളുടെ സ്വകാര്യതയെ മുൻ നിർത്തി ചില ഭാഗങ്ങൾ ഒഴിവാക്കിയാണെങ്കിലും നിലവിൽ ലഭ്യ മായ റിപ്പോർട്ട് ഉണ്ടാക്കിയ ഫലം വളരെ വലുതാണ്. സിമിമ മേഖ ലയിലെ വേതന വ്യവസ്ഥ ഇതിലെ പ്രധാന നിരീക്ഷണമാണ്. വ സ്ത്രം മാറാനോ പ്രാഥമിക കാര്യങ്ങൾ നിർവഹിക്കാനോഉള്ള സൗ കര്യങ്ങൾ പോലുമില്ലാത്ത സെറ്റിൽ പ്രവർത്തിക്കേണ്ടി വരുന്നതി നെ കുറിച്ചും സിമിമ മേഖലയിൽ പ്രവർത്തിക്കുന്ന പലതരം അധി കാര ബന്ധങ്ങളെകുറിച്ചുമെല്ലാം കമ്മിറ്റി റിപ്പോർട്ടിൽ പ്രതിപാദി ക്കുന്നുണ്ട്. സിനിമയുടെ സാങ്കേതിക മേഖലയിൽ സ്ത്രീകൾ കടന്നുവരേണ്ടതിന്റെ ആവശ്യകതയും സിനിമയുടെ ഉള്ളടക്കത്തിലെ ലിംഗനീതിയെക്കുറിച്ചുവരെ റിപ്പോർട്ടിൽ പരാമർശങ്ങളും നിർദ്ദേ ശങ്ങളും ഉണ്ട്. ഇതിലെ ലൈംഗിക ചൂഷണങ്ങളെകുറിച്ച് മാത്രമാ ണ് വിവാദങ്ങളും ചർച്ചകളും ഉണ്ടായത്. എങ്കിലും അതിനകത്തെ പവർ ഗ്രൂപ്പിനെ (Power Group) കുറിച്ചുള്ള പരാമർശങ്ങളും ഇതിലുൾ പ്പെടാത്ത അനേകം വെളിപ്പെടുത്തലുകളും ഇതേതുടർന്ന് ഉണ്ടാ യി. റിപ്പോർട്ടിനെ അടിസ്ഥാനമാക്കി നിയമനടപടികളിലേക്ക് പോകാ നാവില്ലെങ്കിലും നിയമ നടപടിയിലേക്ക് നയിക്കുന്ന അനേകം വെ ളിപ്പെടുത്തലുകൾ ഇതേതുടർന്നുണ്ടായി. ഇതിൽ നിയമ നടപടി കൾ ആരംഭിച്ചതായും കാണാം. മാത്രമല്ല, ഇത് കേരള സർക്കാ രിന്റെ കീഴിലുള്ള വനിതാ-ശിശു ക്ഷേമ വകുപ്പിന്റെ പ്രവർത്തന ങ്ങളെയും സജീവമാക്കി. എല്ലാ തൊഴിൽ മേഖലകളിലും തൊഴിൽ സ്ഥാപനങ്ങളിലും ICC യുടെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതി നും ICC നിലവിലില്ലാത്ത ഇടങ്ങളിൽ അതു രൂപീകരിച്ചു എന്ന് ഉറ

ISSN:2582-550X

പ്പു വരുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഓരോ ജില്ലകളും ICDS, CDPO മാർ വഴി ഇപ്പോൾ നടന്നുവരുന്നുണ്ട്. സിനിമാ മേഖലയിൽ ഉണ്ടായ ഒരു റിപ്പോർട്ട് ആണെങ്കിലും അത് സ്ത്രീകളുടെ എല്ലാ തൊഴിൽ മേഖലകളിലും ജാഗ്രത കൊണ്ടുവരുന്നതിന് ഇടയാക്കി. കേരളത്തിലെ ലൈംഗികാക്രമണങ്ങളെക്കുറിച്ചുള്ള ധാരണകളും നിർവചനങ്ങളും വരെ മാറ്റി മറിക്കുന്നതിനും ഇത് വഴിയൊരുക്കി യതായി കാണാം. ഇതൊരു സംഘടനയുടെ വിജയമാണ്. ഏത് മേഖലയിലും സംഘടിത പ്രവർത്തനങ്ങൾക്ക് മാറ്റങ്ങൾ കൊണ്ടു വരാനാവും എന്ന ധൈര്യംകൂടിയാണ് ഇത് നമുക്ക് തരുന്നത്. അതു കൊണ്ട് WCCയോടൊപ്പം തന്നെ ഇത് കേരളത്തിലെ എല്ലാ സംഘ ടനകൾക്കും അഭിമാനിക്കാവുന്ന നേട്ടമായിമാറുന്നു.

എഡിറ്റർ
ഷംഷാദ് ഹുസൈൻ കെ.ടി
ORCID: 0000-0002-2757-3576